بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 08.01.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## വ്ഖ്ഫെ ജദീദ് 64-ാം പുതുവത്സര വിളംബരം

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറഃ ഫാതിഹയും ഓതിയതിനുശേഷം ഹുസൂർ താഴെ ചേർക്കുന്ന ആയത്തും അർഥവും കേൾപ്പിച്ചു;

مَنْ ذَا الَّذِيْ يُقْرِضُ اللّٰهَ قَرْضًا حَسَنًا
فَيُضٰعِفَهٗ لَهٗٓ اَضْعَافًا كَثِيْرَةً ؕ وَاللّٰهُ
يَقْبِضُ وَيَبْصُۜطُ ۪ وَاِلَيْهِ تُرْجَعُوْنَ ۝٢٤٦

അല്ലാഹുവിന് നല്ല കടം നൽകുന്നവൻ ആരുണ്ട്? അങ്ങനെ നൽകുന്നതായാൽ അവൻ അനേകം ഇരട്ടിയായി വർദ്ധിപ്പിച്ചു കൊടുക്കും. അല്ലാഹു ഉപജീവനം ഞെരുക്കവും വിശാലമാക്കുകയും ചെയ്യുന്നു. അവനിലേക്കു തന്നെയാണ് നിങ്ങളുടെ മടക്കം. (2:246)

ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ ആയത്തിൽ അല്ലാഹു കടംകൊടുക്കുന്നതിനെപറ്റി പറയുന്നു. എന്നാൽ കടം എന്നതിന് ഭാഷാപരമായ അർഥം നല്ലതോ ചീത്തയോ ആയതിന് പ്രതിഫലം നൽകുക എന്നുമുണ്ട്. ഇവിടെ ഇതിന്റെ അർഥം, അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ ആരുണ്ട്? അങ്ങനെ അല്ലാഹു അയാൾക്ക് ഏറ്റവും നല്ല പ്രതിഫലം നൽകുന്നതാണ്. ആയതിനാൽ അല്ലാഹുവിന് വേണ്ടി ചെലവഴിക്കുക, കൊടുക്കുക തുടങ്ങിയ പ്രശ്നമുദിക്കുമ്പോൾ അത് അല്ലാഹു ആ പ്രവൃത്തി ചെയ്യുന്നവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകും എന്നാകുന്നു. വിശുദ്ധ ഖുർആനിൽ മറ്റ് സ്ഥലങ്ങളിലും അല്ലാഹു ത്യാഗങ്ങളെ പറ്റിയും ധനത്യാഗത്തെ പറ്റിയും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ ദീനിനു വേണ്ടിയും അല്ലാഹുവിന്റെ സൃഷ്ടികളുടെ പുരോഗതിക്കു വേണ്ടിയും ചെലവഴിക്കുന്നവരെ അല്ലാഹു, തനിക്കുവേണ്ടി ചെലവഴിക്കുന്നവർക്ക് തുല്യമായിട്ടാണ് പരാമർശിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കപ്പെടുന്നവ നഷ്ടപ്പെടുന്നതല്ല. മറിച്ച് അത് അല്ലാഹു അനേകമിരട്ടിയായി തിരികെ തരുന്ന കടമാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു കടം ചോദിക്കുന്നതു കൊണ്ടുള്ള വിവക്ഷ മആദല്ലാഹ്, അല്ലാഹുവിന് ആവശ്യമുണ്ടെന്നും അവൻ ആവശ്യക്കാരനാണ് എന്നുമല്ല. അത്തരം ചിന്ത പോലും കുഫ്ർ ആകുന്നു. മറിച്ച് അതിന്റെ അർഥം, പ്രതിഫലത്തോടെ തിരികെ നൽകും എന്നാകുന്നു. അതായത് വർദ്ധിപ്പിച്ച് തരുന്നതാണ്. ഇത് അല്ലാഹു അനുഗ്രഹിക്കുന്നതിനുള്ള ഒരു രീതിയാകുന്നു. അവന്റെ പ്രതാപം

فَمَنْ يَّعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَّرَهٗ ۝٨

അതായത് ആരെങ്കിലും അല്പമെങ്കിലും നന്മ ചെയ്താൽ അതിന് പ്രതിഫലം നൽകുക എന്നതാകുന്നു. ഇനി ആരെങ്കിലും അല്പമെങ്കിലും തിന്മ ചെയ്താൽ അതിന്റെ തിക്തഫലവും അവർക്ക് ലഭിക്കുന്നതാണ്. എന്നാൽ സദുദ്ദേശ്യത്തോടെ അല്ലാഹുവിന്റെ തൃപ്തി ലാക്കാക്കി ത്യാഗങ്ങൾ ചെയ്യണമെന്നതും ത്യാഗങ്ങളും അവന് വേണ്ടി മറ്റ് കൽപനകളും നന്മകളും അനുഷ്ഠിക്കുകയും ചെയ്യണമെന്നതുമാണ് നിബന്ധന. വെറും സമ്പത്ത് കൊടുത്തുകൊണ്ട്, താൻ വലിയ ത്യാഗം ചെയ്തുവെന്ന്, മറ്റ് കടമകൾ നിറവേറ്റിയെന്ന് ധരിക്കരുത്. മറ്റ് നന്മകൾ ചെയ്യേണ്ടതും അനിവാര്യമാകുന്നു. അതല്ലാതെ കച്ചവടക്കാരെപ്പോലെ ലാഭം നേടണമെന്ന ചിന്തയിൽ സമ്പത്ത് ചെലവാക്കരുത്. അല്ലാഹുവിന്റെ മാർഗത്തിൽ നൽകിയാൽ പ്രതിഫലം ലഭിക്കുക തന്നെ ചെയ്യും.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഏതായിരുന്നാലും ഞാൻ ഈ സമയത്ത്, അല്ലാഹുവിന്റെ ഈ നിർദ്ദേശമനുസരിച്ച് അനുഗ്രഹം ലഭിച്ച ചില അഹ്മദികളുടെ സംഭവങ്ങൾ കേൾപ്പിക്കാം. ഭൂരിഭാഗം സംഭവങ്ങളും ആത്മാർത്ഥമായി അവർ അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്തവരുടെതാകുന്നു. അത്ഭുതകരമായ നിലയിൽ അല്ലാഹു അവരുടെ ആവശ്യങ്ങൾ പൂർത്തിയാകുക മാത്രമല്ല ചെയ്തത് മറിച്ച് വർദ്ധിപ്പിച്ച് നൽകുകയും ചെയ്തു.

ഗിനികനാകരിയിലെ സദറും മുബല്ലിഗും ഒരു സംഭവം എഴുതുന്നു; ഞാൻ കഴിഞ്ഞ വർഷം നൽകിയ വഖ്ഫെ ജദീദ് ഖുത്ബ മസ്ജിദിൽ വായിച്ചു കേൾപ്പിച്ചു. ജുമുഅ നമസ്കാരത്തിനുശേഷം ഒരു പാവപ്പെട്ട ആത്മാർത്ഥനായ അഹ്മദി മുസാ ഖുബാ സാഹിബ്, തന്റെ കീശയിൽ ഉണ്ടായിരുന്ന മുഴുവൻ തുകയും വളരെ ആത്മാർഥതയോടുകൂടി വഖ്ഫെ ജദീദിൽ കൊടുത്തു. അദ്ദേഹമാകട്ടെ നേരത്തെ തന്നെ തന്റെ ചന്ദ കൊടുത്തു തീർത്തതായിരുന്നു. അദ്ദേഹത്തോട് പറഞ്ഞു; ഇതിൽ കുറച്ച് തുക താങ്കൾ തിരിച്ച് കയ്യിൽ വെച്ചു കൊള്ളുക. താങ്കൾക്ക് വീട്ടിൽ പോകണമല്ലോ? കീശയിലുള്ള മുഴുവൻ തുകയും എടുത്ത് തന്നില്ലേ? യാത്രാകൂലി പോലും താങ്കളുടെ കയ്യിൽ ഇല്ലല്ലോ?

അദ്ദേഹം പറഞ്ഞു; ഒരു ഹൃദയത്തിൽ രണ്ട് സ്നേഹം ഉണ്ടാകാൻ സാധ്യമല്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് താങ്കൾ കേട്ടില്ലേ? അതുകൊണ്ട് ഇന്ന് എനിക്ക് അല്ലാഹുവിന്റെ സ്നേഹത്തിന്റെ താങ്ങിൽ ജീവിക്കാൻ അനുവദിക്കുക. അങ്ങനെ അദ്ദേഹം സന്തോഷപൂർവ്വം കാൽനടയായി വീട്ടിലേക്ക് പോയി.

ഹുസൂർ തിരുമനസ്സ് പറയുന്നു: അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) എത്രമാത്രം ആത്മാർഥതയുള്ള ജമാഅത്തിനെയാണ് നൽകിയത് എന്നതിൽ ഹൃദയം ദൈവസ്തുതിയിൽ നിറയുന്നു. ഖുത്ബകൾ കേട്ടതിനുശേഷം ഞങ്ങൾ കേട്ടുവെന്ന് പറയുന്നവരുണ്ട്. എന്നാൽ അവർ അതിന്റെ ആഴത്തിലേക്ക് പോകാറില്ല. ശ്രദ്ധിച്ച് കേൾക്കാറുമില്ല.

ഹുസൂർ തിരുമനസ്സ് പറയുന്നു: എന്നാൽ ഇതാണ്, ആഴത്തിൽ കാര്യംകേട്ട് അതനുസരിച്ച് പ്രവർത്തിക്കുകയെന്നതിനുള്ള ഉദാഹരണം. എത്ര അത്ഭുതകരമായ ത്യാഗത്തിന്റെ കാഴ്ചകളാണ്? എല്ലാ അവസ്ഥകളിലും അല്ലാഹുവിനോടുള്ള കൂറിന്റെ ശപഥം പാലിക്കുകയും പരാതിപ്പെടാതിരിക്കുകയും ചെയ്യുക എന്നതും ബയ്അത്ത് നിബന്ധനകളിൽ ഉള്ളതാണ്. നമ്മുടെ ശത്രുക്കൾ പറയുന്നു; ഞങ്ങൾ ലോകത്ത് നിന്ന് ജമാഅത്തിന്റെ പേര് മായ്ച്ചുകളയുമെന്ന്. എന്നാൽ ഇത്തരത്തിൽ അല്ലാഹുവിനോട് സ്നേഹവും കൂറും കാണിക്കുന്നവരെ ഇല്ലാതാക്കാൻ ആർക്കാണ് കഴിയുക? അല്ലഹു ഇത്തരത്തിൽ സ്നേഹിക്കുന്നവരെ തന്നോട്ചേർത്ത് പിടിക്കുന്നു. പിന്നെ ശത്രുക്കളുടെ പൊടി പോലും കാണുന്നതല്ല.

ഇന്ത്യയിൽ നിന്ന് ഖമറുദ്ദീൻ സാഹിബ്, ഇൻസ്പെക്ടർ എഴുതുന്നു: സാമ്പത്തിക വർഷം അവസാനത്തിൽ വഖ്ഫെ ജദീദ് നാസിമിന്റെ കൂടെ പര്യടനത്തിൽ കോഴിക്കോട് ജമാഅത്തിൽ എത്തി. അതിനിടയിൽ അവിടെയുള്ള അഹ്മദി ഹനീഫ് സാഹിബിന്റെ വീട്ടിലും പോയി. അദ്ദേഹം എട്ടുവർഷം മുമ്പാണ് ബയ്അത്ത് ചെയ്തത്. ചെറിയ ജോലി ചെയ്ത് നിത്യചെലവുകൾ നടത്തിവരുന്ന ആളാകുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ പത്ത് വയസ്സുള്ള മകൻ തന്റെ ഗുണ്ടികയുമായി വന്നു. വഖ്ഫെ ജദീദിൽ അടച്ചു കൊണ്ട് പറഞ്ഞു: അവൻ ഇത് വഖ്ഫെ ജദീദിനു വേണ്ടി വർഷം മുഴുവൻ സ്വരുക്കൂട്ടിയ ചന്ദയാണ്. അങ്ങനെ ആ ഗുണ്ടിക തുറന്നപ്പോൾ അതിൽ വലിയൊരു സംഖ്യ ഉണ്ടായിരുന്നു. നാസിം സാഹിബ് കുട്ടിയോടു ചോദിച്ചു: കുട്ടികൾ പൊതുവിൽ തങ്ങളുടെ ഇഷ്ടസാധനങ്ങൾ വാങ്ങിക്കാനാണ് പൈസ സ്വരുകൂട്ടുക. നീ എന്തിനാണ് ഇത് വഖ്ഫെ ജദീദിന്റെ ചന്ദയിൽ കൊടുക്കുന്നത്? അപ്പോൾ ആ കുട്ടി നൽകിയ മറുപടിയുടെ ചുരുക്കം ഇതാണ്; അല്ലാഹുവും റസൂലും ഖലീഫമാരും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ കൽപ്പിക്കുന്നു. അതുകൊണ്ടാണ് ഈ തുക വഖ്ഫെ ജദീദ് ചന്ദയിൽ കൊടുക്കുന്നത്. ഇതാണ് അഹ്മദി കുട്ടികളുടെ ശിക്ഷണം. ഇങ്ങനെ ചിന്തിക്കുന്ന കുട്ടികളും, ഇത്തരത്തിൽ ശിക്ഷണം ലഭിച്ചതുമായ ജമാഅത്തിന് അഹ്മദിയ്യാ ശത്രുക്കൾക്ക് എങ്ങനെയാണ് നഷ്ടം വരുത്താൻ കഴിയുക.

അൽബാനിയ മുബല്ലിഗ് എഴുതുന്നു: മൈക്കൾ ബിയാ എന്ന ഒരു സുഹൃത്തുണ്ട്. മൂന്ന് വർഷം മുമ്പാണ് ബയ്അത്ത് ചെയ്തത്. ജമാഅത്തിന്റെ തബ്ലീഗ് സെക്രട്ടറിയുമാണ്. വളരെ ഊർജസ്വലനായ യുവാവാകുന്നു. ഒരു ദിവസം അദ്ദേഹം ഒരു ഡിബ്ബയുമായിട്ടാണ് വന്നത്. അതിൽ നിറയെ പൈസയായിരുന്നു. എന്റെ പണിയിൽ ലാഭം കിട്ടുന്നത് ജമാഅത്തിന്റെ ചന്ദയിൽ കൊടുക്കാമെന്ന നിയ്യത്തിൽ വെച്ചിരിക്കുകയാണ്. അങ്ങനെ ആദ്യമായി നിറഞ്ഞ ഡിബ്ബ കൊണ്ടുവന്നപ്പോൾ അതിൽ ഒരു ഭാഗം തന്റെ നാലുമാസം പ്രായമുള്ള മകൻ ബ്യൂറൻ ബിയായുടെ പേരിൽ തഹ്രീക്ക് ജദീദും വഖ്ഫെ ജദീദും കൊടുത്തു. ബാക്കി തന്റെ ഭാഗത്തു നിന്ന് തഹ്രീക്ക് ജദീദ്, വഖ്ഫെ ജദിദ്, മറ്റ് നിർബന്ധ ചന്ദകൾ എന്നിവയിലും കൊടുത്തു. അതിനു ശേഷം എല്ലാ മാസവും നിറഞ്ഞ ഡിബ്ബയുമായി അദ്ദേഹം വരാറുണ്ട്. തന്റെ കഴിവനുസരിച്ച് വലിയൊരു സംഖ്യ സാമ്പത്തിക ത്യാഗമായി അദ്ദേഹം നൽകി.

യുകെയിലെ ചീൻ ജമാഅത്ത് സദ്ർ പറയുന്നു: ഞങ്ങളുടെ ടാർഗറ്റിൽ വലിയ കുറവുണ്ടായിരുന്നു. അതു കൊണ്ട് തഹജ്ജുദിന് എഴുന്നേറ്റ് ദുആ ചെയ്യുമായിരുന്നു. ഒരു ദിവസം എന്റെ ഭാര്യ പറഞ്ഞു: ഇന്ന കുടുംബത്തിലെ ഇന്ന വ്യക്തിയോട് പറഞ്ഞാൽ നിങ്ങൾക്ക് കൂടുതൽ അടച്ചുതരുന്നതാണ്. അങ്ങനെ അവരോട് പറഞ്ഞപ്പോൾ ആ കുടുംബം പറഞ്ഞു: ഞങ്ങളുടെ പേര് വെളിപ്പെടുത്തരുത്. 1000 പൗണ്ട് അവർ കൊടുത്തു. കൂടാതെ 1000 പൗണ്ട് മക്കളുടെ പേരിലും നൽകി. തുടർന്ന് പറഞ്ഞു: ഇനിയുംആവശ്യമുണ്ടെങ്കിൽ തീർച്ചയായും പറയണം.

ഹുസൂർ തിരുമനസ്സ് ഫ്രാൻസ്, ഖസാഖിസ്ഥാൻ, മാസകൂ, സേറാലിയോൺ, ഖിർഗിസ്ഥാൻ, തൻസാനിയ, മലാവീ, ജർമനി, കാനഡ, ബർക്കീനോഫാസോ എന്നീ രാജ്യങ്ങളിലെ ജമാഅത്തുകളിൽ നടന്ന ധനത്യാഗത്തിന്റെ അത്ഭുതാവഹവും വിശ്വാസവർദ്ധകവുമായ സംഭവങ്ങൾ വിവരിച്ചു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇനി ഞാൻ വഖ്ഫെ ജദീദിന്റെ പുതുവർഷവിളംബരം നടത്തിക്കൊണ്ട് കഴിഞ്ഞ വർഷത്തെ ചില കണക്കുകൾ സമർപ്പിക്കാം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 63-ാം വർഷം 2020 ഡിസംബർ 31 ന് അവസാനിച്ചു. 64-ാം വർഷം ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം ഒരു കോടി അഞ്ച് ലക്ഷത്തി മുപ്പതിനായിരം പൗണ്ട് ജമാഅത്തിന് ത്യാഗം ചെയ്യാൻ തൗഫീഖ് ലഭിച്ചു. ഈ പിരിവ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 8,87,000 പൗണ്ട് അധികമാണ്. അൽഹംദുലില്ലാഹ്.

ഈ വർഷവും ബ്രിട്ടൺ ലോകത്തിലെ ജമാഅത്തുകളിൽ മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്താകുന്നു.പിന്നീട് യഥാക്രമം ജർമനി, പാക്കിസ്ഥാൻ, കനഡ, അമേരിക്ക, ഭാരത്, ആസ്ട്രേലിയ, മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, ഇന്തോനേഷ്യ, ഘാന.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇന്ത്യയിലെ സംസ്ഥാനങ്ങൾ; (യഥാക്രമം) കേരളം, തമിഴ്നാട്, ജമ്മുകശ്മീർ, തെലുങ്കാന, കർണാടക, ഒഡീഷ, പഞ്ചാബ്, പശ്ചിമബംഗാൾ, ഡൽഹി, ഉത്തർപ്രദേശ്.

ജമാഅത്തുകൾ: (യഥാക്രമം) കോയമ്പത്തൂർ, ഖാദിയാൻ, പത്തപ്പിരിയം, ഹൈദരാബാദ്, കൽക്കത്ത, ബാംഗ്ലൂർ, കോഴിക്കോട്, കണ്ണൂർ ടൗൺ, ഋഷിനഗർ, കേരങ്ക്.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: അല്ലാഹു ഈ ധനത്യാഗത്തിൽ ഭാഗഭാക്കായവരുടെ സമ്പത്തിലും ആളുകളിലും സീമാതീതമായ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. അവർക്ക് ആത്മീയ പുരോഗതി നൽകുമാറാകട്ട. ഇവർക്ക് അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ.

ഈ ദിവസങ്ങളിൽ ഞാൻ വീണ്ടും പാക്കിസ്ഥാനിലെ അഹ്മദികൾക്ക് വേണ്ടി പ്രത്യേക ദുആക്ക് ആഹ്വാനം ചെയ്യുകയാണ്. അല്ലാഹു അവരുടെ പ്രയാസങ്ങളും അസ്വസ്ഥതകളും അകറ്റുമാറാകട്ടെ. ശത്രുക്കളുടെ കൈകളിൽ അവരിലേക്ക് എത്തുന്നത് തടയുമാറാകട്ടെ. ഇസ്ലാഹ് സാധ്യമല്ലാത്ത ശത്രുക്കളെ പിടികൂടാൻ അവൻ സാഹചര്യം ഒരുക്കുമാറാകട്ടെ. തടവുകാരുടെ വേഗത്തിലുള്ള മോചനത്തിനും സാഹചര്യമുണ്ടാകുമാറാകട്ടെ.

അൽജീരിയയിലും തടവുകാരുണ്ട്. അൽജീരിയയിലും ശക്തമായ എതിർപ്പുണ്ട്. അല്ലാഹു അവർക്കും സമാധാനവും ഉണ്ടാക്കുമാറാകട്ടെ. പ്രത്യേകമായി ദുആകളിലും നഫലുകളിലും സ്വദ്ഖകളിലും ശ്രദ്ധ ചെലുത്തുക. പാക്കിസ്ഥാനും വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവിടെ സമാധാനമുണ്ടാക്കട്ടെ. അവർ പരസ്പരം കഴുത്തറുക്കാൻ തുനിയുകയാണ്. ഭീകരവാദവും കുഴപ്പങ്ങളും പ്രശ്നങ്ങളുമുണ്ട്. അത് അല്ലാഹു എത്രയും വേഗം ഇല്ലാതാക്കാനുള്ള സാഹചര്യമൊരുക്കട്ടെ. വളരെ വേഗം ദുഷ്കരമായിക്കൊണ്ടിരിക്കുന്ന പൊതുവിലുള്ള ലോകത്തിന്റെ അവസ്ഥകൾക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാ മനുഷ്യകുലത്തിലും കാരുണ്യം വർഷിക്കട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاۗءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاۗءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 08.01.2021
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516